നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ ആർ. കെ. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 15,000 രൂപ സബ്സിഡി നിരക്കിൽ നൽകി നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നെൽകൃഷി ഉത്പാദന ബോണസ് നൽകുന്നതിനായി ഹെക്ടറൊന്നിന് 1,000 രൂപ, സീസൺ ഒന്നിന് എന്ന ക്രമത്തിൽ നൽകിവരുന്നു. ആയതിനായി 1243.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വൈദ്യുതി സൗജന്യപദ്ധതിയും നെൽകൃഷിക്കായി നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ ഉത്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19 രൂപ നൽകി സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്.

പഞ്ചായത്ത് വകുപ്പിൽ ഫയൽ തീർപ്പാക്കൽ

7 (*697) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പഞ്ചായത്ത് ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രമപഞ്ചായത്തുകൾ മുതൽ പഞ്ചായത്ത് ഡയറക്ടറേറ്റ് വരെ ലഭിക്കുന്ന അപേക്ഷകൾ ഏറ്റവും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് ഡയറക്ടറേറ്റിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.ഡി.പി.കളിൽ നിന്നും ഓൺലൈൻ സംവിധാനംവഴി നിർബന്ധമാക്കി, ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ അഞ്ച് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 3 വർഷത്തിനും 5 വർഷത്തിനുമിടയിൽ പഴക്കമുള്ള ഫയലുകൾ എന്നിവ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും 2 ഘട്ടങ്ങളിലായി 601 ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി ഫയലുകൾ തീർപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly